രാജ് ആകുിലെ വ്യവസ്ഥകൾക്ക് ചില മാറ്റങ്ങൾ ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾ ആലോചിക്കുകയാണ്. അടിയന്തരമായി 100 പേർക്ക് പട്ടയം കൊടുക്കുമെന്ന് ഞാൻ പറയുന്നില്ലെങ്കിൽപ്പോലും അവരെക്കൂടി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

19. റോഡ് പുനരുദ്ധാരണം

11.58 AM]

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, വാമനപുരം നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട 22 കിലോമീറ്റർ ദൈർഘ്യമുള്ള വി.സി. റോഡ് എന്നറിയപ്പെടുന്ന വാമനപുരം - ചിറ്റാർ റോഡ് കഴിഞ്ഞ നാലുവർഷമായി ശോച്യാവസ്ഥയിലാണ്. നിലമേൽ കോളേജിലെ ഒരു ജീവനക്കാരൻ, ലീഗിൽപ്പെട്ടയാളാണ്. അദ്ദേഹം ഫേസ്ബുക്കിൽ കോലിയക്കോട് കൃഷ്ണൻനായരുടെ റോഡ് കുളമായെന്ന് പറഞ്ഞ് ഒരു പടമിട്ടിരിക്കുകയാണ്. അവിടത്തെ പി.ഡി.പി.-ക്കാരും ലീഗുകാരും ചേർന്ന് എന്റെ കോലം കത്തിച്ചു. വകുപ്പുമന്ത്രിയുടെ കോലമല്ല, എന്റെ കോലമാണ് കത്തിച്ചത്. ഈ റോഡ് ശരിയാക്കണമെന്ന് പറഞ്ഞ് 14 തവണയാണ് ഞാൻ മന്ത്രിക്ക് പരാതി അയച്ചത്. എന്റെ കയ്യിൽ റിക്കാർഡുണ്ട്. മൂന്ന് പെറ്റീഷൻ ചീഫ് എൻജിനീയർക്കും ഒരു പെറ്റീഷൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കും അയച്ചു. യാതൊരു പണിയും ചെയ്യാതെ എന്നെ മാത്രം ക്രൂശിക്കുന്ന രീതിയിൽ അണികളെ ഇളക്കിവിടുന്ന, മന്ത്രിയുടെ ആളല്ല ഈ കോലം കത്തിച്ചതെന്ന് പറഞ്ഞാൽ ഞാനത് നിർത്തിത്തരാം. അതിനുള്ള ചങ്കൂറ്റമുണ്ട്. അങ്ങനെയുള്ള എം.എൽ.എ.-യാണ് അവിടെയുള്ളത്. എന്നെ എന്തിനാണ് ആളുകളെക്കൊണ്ട് ചീത്ത പറയിപ്പിക്കുന്നത്; വളരെ മോശമായ രീതിയിൽ, റോഡ് കുളമായെന്ന് നിലമേൽ കോളേജിലെ ജീവനക്കാരനായ ഒരു ലീഗുകാരൻ ഫേസ്ബുക്കിൽ ഇട്ടിരിക്കുകയാണ്. അടിയന്തരമായി ആ റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യുതരാനുള്ള ഏർപ്പാടുണ്ടാക്കണം. അല്ലെങ്കിൽ വളരെ മോശമായ രീതിയിൽ കാര്യങ്ങൾ. അവസാനിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

12 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ പല അവസരങ്ങളിലും വാമനപുരം - ചിറ്റാർ റോഡിന്റെ പുനരുദ്ധാരണം ആവശ്യപ്പെട്ടിട്ടുണ്ട്. 314.5 ലക്ഷം രൂപ ചെലവഴിച്ച്

LIBRARY ARCHIVES-Kerala Legislative Assembly

18 പ്രവൃത്തികൾ ആ റോഡിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ചെയ്തിട്ടുണ്ട്. അത് മുഴുവൻ ബി.എം. ആന്റ് ബി.സി. ചെയ്യണമെന്നതാണ് ആവശ്യം. ആ റോഡിലെ വർദ്ധിച്ച ഗതാഗതവും റോഡിന്റെ അവസ്ഥയും പരിഗണിക്കുമ്പോൾ ബി.എം. ആന്റ് ബി.സി. ചെയ്യണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. കഴിയുന്നത്രവേഗം ഭരണാനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

20. ഫിഷിംഗ് ഹാർബർ

12.01 PM]

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ പ്രദേശമാണ് കേരളത്തിന്റെ തെക്കേ അറ്റത്തുള്ള കടലോര മേഖല. തമിഴ്നാട്ടിലെയും കേരളത്തിലെയും അനവധി മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനത്തിന് വന്നുചേരുന്നൊരു പ്രദേശവും ഏറ്റവും ആഴം കൂടിയ ഒരു കടലോര മേഖലയുമാണ്. മാത്രമല്ല, കളച്ചലുമായി ബന്ധപ്പെട്ടുന്ന അനന്തവിശ്കോറിയ മാർത്താണ്ഡൻ കനാൽ ഇവിടെനിന്നാണ് ഉത്ഭവിക്കുന്നത്. കൂടാതെ നെയ്യാർ ഒഴുകിയെത്തുന്ന അറേബ്യൻ കടലിന്റെ തീരം പൊഴിയൂർ പ്രദേശത്താണ്. അങ്ങനെ വളരെയേറെ പ്രാധാന്യമുള്ള, അനവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന, മത്സ്യബന്ധനം നടത്തി ഉപജീവനമാർഗ്ഗം കഴിക്കുന്ന ഈ പ്രദേശത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

12.02 PM]

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കുളത്തൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ടുന്ന പൊഴിയൂർ പരുത്തിയൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യാർത്ഥം ഒരു മത്സ്യബന്ധന ഉറമുഖം നിർമ്മിക്കുന്നതിനാവശ്യമായ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 600-ഓളം പരമ്പരാഗത മത്സ്യബന്ധന ബോട്ടുകളും ആയിരത്തോളം യന്ത്രവൽകൃത ബോട്ടുകളും ഈ ഭാഗത്ത് മത്സ്യബന്ധനം നടത്തിവരുന്നുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന ഉറമുഖത്തിൽനിന്നും 20 കിലോമീറ്റർ അകലെയായി പൊഴിയൂരിൽ ഒരു മത്സ്യബന്ധന ഉറമുഖ നിർമ്മാണം പൂർത്തിയാകുമ്പോൾ പൊഴിയൂർ, പരുത്തിയൂർ,

LIBRARY ARCHIVES Kerala Legislative Assembly